വിഷയങ്ങളെയൊക്കെപ്പോലെ സ്വയമേവ നിലനിൽപ്പുള്ള ഒന്നാണ്. ശാസ്ത്രജ്ഞർക്ക് ഉപകാരപ്പെടുക എന്നതല്ല അതിന്റെ താത്പര്യം. എന്നാൽ, സാഹിത്യവിമർശനം ചിലപ്പോഴൊക്കെ സർഗ്ഗാത്മക സാഹിത്യകാരന്മാരെ സഹായിക്കാറുള്ളതുപോലെ, ശാസ്ത്രദർശനം ശാസ്ത്രജ്ഞർക്ക് സഹായകരമായി എന്നും വരാം. അതുകൊണ്ട് ഏതെങ്കിലുമൊക്കെ ശാസ്ത്രജ്ഞർക്ക് തത്വചിന്തയിലെ തങ്ങളുടെ അൽപജ്ഞാനം താന്താങ്ങളുടെ ശാസ്ത്രഗവേഷണത്തിന് ഉപയോഗപ്രദമായില്ല എന്നത് തത്വചിന്തയെ, വിശേഷിച്ചും ശാസ്ത്രദർശനത്തെ, മൂല്യരഹിതമെന്ന് പറയുവാൻ പര്യാപ്തമായ കാരണമല്ല. ശാസ്ത്രീയതയല്ല എന്ന വിമർശനത്തിനും മേലെ കണ്ട മറുപടി സാധുവാണ്.

*(തുടരും)* ■

**തത്വവിചാരം** **(തത്വചിന്തയെ പരിചയപ്പെടുത്തുന്ന പംക്തി ആരംഭിക്കുന്നു)**

മുകുന്ദനുണ്ണി

# എന്താണ് തത്വചിന്ത?

ഫിലോസഫി എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം 'വിവേകത്തോടുള്ള പ്രിയം' എന്നാണ്. സമഗ്രമായ മനസ്സിലാക്കലിൽ നിന്നുണ്ടാകുന്ന വിവേകത്തോടുള്ള പ്രിയം. വിവേകമാകാൻ പാകപ്പെടേണ്ട അറിവിനെ അരിസ്റ്റോട്ടിൽ രണ്ടായി തരംതിരിക്കുന്നുണ്ട്. എങ്ങിനെയാണ് ഒരു കാര്യം ചെയ്യുക എന്ന അറിവാണ് ഒന്നാമത്തേത്. പ്രയോഗവുമായി ബന്ധപ്പെട്ട അറിവാണ് അത്. ഉദാഹരണം: സൈക്കിൾ ചവിട്ടാൻ അറിയുക. രണ്ടാമത്തേത്, പ്രയോഗത്തിലടങ്ങിയ എല്ലാ തന്ത്രങ്ങളും അതുമായി ബന്ധപ്പെട്ട അറിവിന്റെ ചക്രവാളവും മനസ്സിലാക്കലാണ്. ശരിയായി അറിയുക എന്നാൽ, അരിസ്റ്റോട്ടിലിന് പ്രക്രിയയുടെ (ജ്ഞേയം) അകവും പുറവും മനസ്സിലാകലാണ്. സൈക്കിൾ ചവിട്ടുന്നതിന്റെ യാന്ത്രിക ജ്ഞാനം മുതൽ സൈക്കിൾ യാത്രയുടെ സംസ്കാരവും കാലിക പ്രസക്തിയും വരെ ഈ അറിവിന്റെ പരിധിയിൽ വരുന്നതാണ്. രണ്ട് തരത്തിലുള്ള ഈ വിഭജനത്തെ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പ്രസ്താവനയാണ് 'ഫിലോസഫി എന്നാൽ വിവേകത്തോടുള്ള പ്രിയമാണ്' എന്നത്. സമാന്തരമായി മലയാളത്തിൽ, തത്വമറിയലാണ് തത്വചിന്ത എന്നും പറയാം. പക്ഷെ എന്താണ് തത്വചിന്ത എന്ന് താത്വികമായി ചോദിക്കുമ്പോൾ ആ ചോദ്യത്തിനുള്ള ഉത്തരം ഇത്രമേൽ ലളിതവും സുസാധ്യവുമല്ല.

തത്വചിന്ത എന്നാൽ തത്വചിന്തയുടെ ചരിത്രമാണോ? ആശയങ്ങളുടെ ചരിത്രമാണോ? ആണെന്ന ഒരു നിലപാടുണ്ട്. തത്വചിന്തകരേയും അവരുടെ ആശയങ്ങളേയും അവതരിപ്പിക്കുന്ന തത്വചിന്തയുടെ ചരിത്രം വിളമ്പുന്നത് മാറ്റിവെച്ച് ഇതേ ചോദ്യം തത്വചിന്താപരമായി ചോദിക്കുകയാണെങ്കിൽ അതിന്റെ ഉത്തരം ആശയങ്ങളുടെ ചരിത്രം മാത്രമായിരിക്കില്ല. കാരണം എന്താണ് തത്വചിന്ത എന്ന ചോദ്യം തന്നെ തത്വചിന്താപരമാണ്. ആ ചോദ്യം തത്വചിന്തയുടെ അകത്തുള്ള ചോദ്യമാണ്. തത്വചിന്ത സ്വയം അഭിമുഖമായി നിന്ന് ചോദിക്കുകയാണ്. ചോദ്യത്തിൽ തത്വചിന്തയുടെ ദ്വന്ദ്വാത്മക (ഡയലക്ടിക്കൽ) സ്വഭാവമാണ് പ്രകടമാകുന്നത്. സമാനമായ ചോദ്യം മറ്റൊരു മേഖലയിൽ ചോദിച്ചാൽ ഈ വ്യത്യാസം പ്രകടമാകും. എന്താണ് സംഗീതം എന്ന് ചോദിച്ചാലറിയാം. സങ്കോചത്തിനിടയില്ലാത്ത വിധം വിശദമായ ഉത്തരം ലഭിക്കും. എന്തെന്നാൽ, എന്താണ് സംഗീതം എന്ന ചോദ്യം സംഗീതം സ്വയം ചോദിക്കുന്ന ചോദ്യമല്ല. പുറത്തുനിന്നുള്ള ചോദ്യമാണ്. നേരെമറിച്ച് എന്താണ് തത്വചിന്ത എന്ന ചോദ്യം തത്വചിന്ത അതിനോടുതന്നെ ചോദിക്കുന്ന ചോദ്യമാണ്. അതായത്, ആ ചോദ്യം പ്രതിഫലനാത്മകമാണ്. അതുകൊണ്ടാണ് സോക്രട്ടീസ് മുതൽ ജിൽ ദെല്ലൂസ് ('എന്താണ് തത്വചിന്ത' എന്ന് പേരുള്ള പുസ്തകം എഴുതിയിട്ടുണ്ട്) വരെ ഈ ചോദ്യം ചോദിച്ചുകൊണ്ടിരുന്നത്.

എന്താണ് തത്വചിന്ത എന്ന് ചോദിക്കുകയും അതിന് ഉത്തരം നൽകിക്കൊണ്ട് തുടങ്ങുകയുമല്ല, ഒരുപക്ഷെ തത്വചിന്ത ചെയ്യൽ. ആദ്യ ഖണ്ഡികയിൽ പറഞ്ഞതുപോലെ തത്വചിന്ത പലപ്പോഴും അറിവു നൽകുന്നുണ്ട്. പക്ഷെ അറിവിനെയല്ല അത് ഉന്നംവെയ്ക്കുന്നത്. ഉദാഹരണത്തിന് നാഗാർജുന ചെയ്യുന്നത് അറിവില്ലാതാക്കുകയാണ്. പ്രമാണത്തിന് അടിസ്ഥാനമില്ല എന്ന് സ്ഥാപിക്കുകയാണ്. ഒരു നിലപാടും പകരം വെയ്ക്കുന്നുമില്ല. ഒരു മാർഗ്ഗവും നിർദ്ദേശിക്കുന്നുമില്ല. എങ്കിലും അത് മഹത്തായ തത്വചിന്തയാണ്. സ്വപക്ഷം സ്ഥാപിക്കാതെ പരപക്ഷം ഖണ്ഡിക്കലാണ് വിതണ്ഡാവാദം. യുക്തിയുക്തം തർക്കിച്ച്, സ്ഥാപിതമായ പ്രമാണത്തെ, അസാധുവാക്കൽ. ഇത് വാദത്തിലെ സംവാദപ്രകൃതത്തിന്റെ ഏറ്റവും സ്വതന്ത്രമായ ഒരു സാധ്യതയാണ്. ന്യായത്തിന്റെ സാധ്യതകളെ താത്വികമായി ഉപയോഗിക്കുകയാണ് നാഗാർജ്ജുനയുടെ വിതണ്ഡാവാദത്തിൽ. തത്വചിന്തയുടെ ഉന്നം അറിവുണ്ടാക്കലല്ല എന്ന് വിറ്റ്ഗെൻസ്റ്റൈനിന്റെ ചിന്തകളിലും കാണാം. വിറ്റ്ഗെൻസ്റ്റൈൻ വ്യക്തതയേയും കൃത്യതയേയും മനസ്സിലാക്കാൻ ശ്രമിക്കുമ്പോഴും അറിവല്ല ഉന്നം. നിഗമനത്തെ നീട്ടിവെച്ചുള്ള നോട്ടമാണ്.

എന്താണ് തത്വചിന്ത എന്ന ചോദ്യത്തിന് ഒരു പക്ഷെ ഒരു അവസാന ഉത്തരം നൽകാൻ കഴിയണമെന്നില്ല. കാരണം ഓരോ തത്വചിന്തകരും എഴുതിത്തുടങ്ങുക പുതിയ തത്വചിന്തയായാണ്. പ്ലാറ്റോ തുടങ്ങിയതല്ല അരിസ്റ്റോട്ടിൽ തുടങ്ങിയത്. ഓരോരുത്തരുടേയും തത്വചിന്ത തുടർച്ചയില്ലായ്മയുടെ നിരയാണ്. തുടർച്ചയുള്ളത് തത്വചിന്ത എന്ന പ്രശ്നത്തിനു മാത്രമാണ്.

ഇരുപതാം നൂറ്റാണ്ടിൽ മറ്റൊരു തരത്തിലുള്ള തത്വചിന്താസരണി രൂപപ്പെട്ടിരുന്നു. അനലിറ്റിക്ക് തത്വചിന്ത. രണ്ടു വിശ്വാസങ്ങളാണ് അനലിറ്റിക് തത്വചിന്തയെ ഇതര തത്വചിന്താപ്രസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്നത്. ഒന്ന്, ചിന്തയുടെ താത്വികാഖ്യാനം ഭാഷയുടെ താത്വികാ

ഖ്യാനത്തിലൂടെ സാധ്യമാകും എന്ന വിശ്വാസമാണ്. രണ്ടാമത്തേത്, സമഗ്രമായ താത്വികാഖ്യാനം അപ്രകാരം മാത്രമേ സാക്ഷാത്കരിക്കാനാവു എന്ന വിശ്വാസം. അനലിറ്റിക്ക് തത്വചിന്തയല്ലാത്ത തത്വചിന്താപ്രസ്ഥാനം കോണ്ടിനന്റൽ തത്വചിന്ത എന്നാണ് വിളിക്കപ്പെടുന്നത്. അനലിറ്റിക്ക് തത്വചിന്ത യുക്തിയേയും നിർവ്വചനങ്ങളേയും ചട്ടങ്ങളേയും ആധാരമാക്കിയുള്ള ഒരുതരം ശാസ്ത്രീയമായ ചിന്താരീതിയാണ്. അലൻ ബജ്യു പറയുന്നത് ഈ തത്വചിന്താരീതി അതിന്റെ പൂർണ്ണതയിലെത്തിയാൽ പിന്നെ തത്വചിന്തകരുടെ ആവശ്യമുണ്ടാകില്ല എന്നാണ്. പരീക്ഷണശാലയിൽ ശാസ്ത്രം ചെയ്യുന്നതുപോലെ കൂട്ടമായി ചെയ്യാനാവുമ്പോൾ പിന്നെ തത്വചിന്തകരുടെ ആവശ്യമില്ലല്ലോ! നിശ്ചിതമായ നിയമങ്ങളും രീതിശാസ്ത്രങ്ങളും യുക്തിചിന്താസാമഗ്രികളുമുണ്ടെങ്കിൽ, അവയെ ഉപയോഗിച്ച് ആർക്കും ചെയ്യാവുന്ന തത്വചിന്തയായി പരിണമിക്കും അത്. അനലിറ്റിക് തത്വചിന്തയിൽ എന്താണ് തത്വചിന്ത എന്ന ചോദ്യം പ്രതിഫലനാത്മകമല്ല. മാത്രമല്ല, ഉത്തരം അറിവായി ലഭിക്കും. പ്രതിഭാസവിജ്ഞാനത്തിൽ (ഫിനോമിനോളജി) തത്വചിന്ത ചെയ്യുന്ന ഫ്രഞ്ചുകാരും അനലിറ്റിക് വിഭാഗത്തിൽപെടുന്ന ബ്രിട്ടീഷുകാരും 1950 കളിൽ അർത്ഥവത്തായി പരസ്പരം സംവദിച്ച് അവരെ തമ്മിൽ പിരിക്കുന്ന വിടവ് നികത്താൻ സമ്മേളനങ്ങൾ നടത്തുകയും പരാജയപ്പെടുകയും ചെയ്തിട്ടുണ്ട്. അനലിറ്റിക് തത്വചിന്തയെ കുറിച്ച് നിസാർ അഹമ്മദ് പറയാറുള്ള ഒരു നർമ്മനിരീക്ഷണമുണ്ട്, കത്തിയും മുള്ളും എങ്ങനെ പിടിക്കണം, എങ്ങനെ ഉപയോഗിച്ചാലാണ് ഏറ്റവും ശാസ്ത്രീയമായ ഭക്ഷണം കഴിക്കലാകുക, തീൻമേശാമര്യാദകളുടെ പാരമ്പര്യവും രീതികളും കാര്യക്ഷമതയും എത്രമാത്രം യുക്തിഭദ്രമാണ്, എന്നിങ്ങനെ ഭക്ഷണം കഴിക്കലിനെകുറിച്ച് ഗാഢമായി ചർച്ചചെയ്യുകയും ഒടുവിൽ ഭക്ഷണം കഴിക്കാതിരിക്കുകയും ചെയ്യുന്നതുപോലെയത്രെ അതിന്റെ സമ്പ്രദായം.

ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയിൽ യൂറോപ്പിൽ കൂടുതൽ പ്രചാരമുണ്ടായിരുന്നത് പ്രതിഭാസവിജ്ഞാനീയത്തിനായിരുന്നു. ഹെഡ്മണ്ട് ഹസേൾ, മാർട്ടിൻ ഹൈഡഗ്ഗർ, ഷോൻ പോൾ സാർത്ര്, മോറിസ് മെർലോ പോണ്ടി എന്നിവരായിരുന്നു അറിയപ്പെടുന്ന തത്വചിന്തകർ. വിഷയിത്വം/കർത്തൃത്വം (സബ്ജക്ടിവിറ്റി), ബോധം എന്നിവയായിരുന്നു മുഖ്യ ചിന്താവിഷയങ്ങൾ. അറുപതുകളിലും എഴുപതുകളിലും ഈ പ്രവണതയെ വിമർശിച്ചുകൊണ്ട് ഘടനാവാദം ഉണ്ടായി. ഘടനാവാദമനുസരിച്ച് ഒരു പ്രത്യേക മേഖല പരസ്പരബന്ധിതമായ വിഭാഗങ്ങളാൽ രൂപം നൽകപ്പെടുന്ന സങ്കീർണ്ണ വ്യവസ്ഥയാണ്. വിഷയി, ബോധം എന്നിവയെ കുറിച്ചുള്ള വീണ്ടുവിചാരമായിരുന്നു അതിൽ. മനുഷ്യൻ എന്ന സങ്കൽപ്പത്തെക്കുറിച്ച് അതുവരെയുണ്ടായിരുന്ന ധാരണകളെ ചോദ്യം ചെയ്യുന്നതായിരുന്നു ഫൂക്കോയുടെ വിമർശനം. 'ഓർഡർ ഓഫ് തിങ്സ്' (വസ്തുക്കളുടെ ക്രമം) എന്ന പുസ്തകത്തിൽ ഫൂക്കോ പറഞ്ഞു മനുഷ്യൻ എന്നത് ഒരു ജ്ഞാനവിജ്ഞാനപരമായ (എപിസ്റ്റമോളജിക്കൽ) സങ്കൽപ്പം ആണെന്ന്. ക്ലാസിക്കൽ കാലഘട്ടത്തിൽ മനുഷ്യൻ ഇല്ലായിരുന്നു, ആ കാലത്ത് മനുഷ്യൻ എന്ന സങ്കൽപ്പം ഇല്ലാതിരുന്നതുകൊണ്ട്. അപ്രകാരമാണ് ഫൂക്കോ മനുഷ്യപ്രകൃതത്തെ കുറിക്കുന്ന സിദ്ധാന്തങ്ങളെ വിമർശനാത്മകമായി നേരിട്ടത്. വ്യവസ്ഥയ്ക്കകത്ത് വ്യക്തികൾ വിഷയികളായി സൃഷ്ടിയ്ക്കപ്പെടുകയാണ് എന്ന് ആൾത്യൂസർ പറഞ്ഞു. വിഷയികളാലും വിഷയികൾക്കുവേണ്ടിയുമല്ലാതെ പ്രത്യയശാസ്ത്രം വേറെ ഇല്ല. മൂർത്തമായ വ്യക്തികളെ പ്രത്യയശാസ്ത്രം വിഷയികളാക്കുകയാണ്. വ്യവസ്ഥ നിങ്ങളെ പോലീസുകാരൻ വിളിക്കുന്നതുപോലെ വിളിക്കുമ്പോൾ നിങ്ങൾ തിരിഞ്ഞുനിന്ന് വിളികേൾക്കുന്നു. അതോടെ വ്യക്തിയായ നിങ്ങൾ വിഷയിയായി. സമൂഹം പ്രവർത്തിക്കുന്നത് പ്രത്യയശാസ്ത്രത്തിലൂടെ വിഷയിക്കളെ സൃഷ്ടിച്ചും പോലീസ് പട്ടാളങ്ങളിലൂടെ അടിച്ചമർത്തിയുമാണെന്ന് ആൾത്യൂസർ പറഞ്ഞു. ഘടനാവാദം പ്രതിഭാസവിജ്ഞാനീയത്തിനുള്ള വിമർശനമാണ്. അടുത്തത് ഉത്തരാധുനികതയുടെ വരവാണ്. അതേസമയം ഘടനാവാദം അപനിർമ്മാണത്തെയും വിളിച്ചുവരുത്തി. ഒരു മേഖലയെ അതിന്റെ ഘടനകൊണ്ട് മനസ്സിലാക്കാം എന്ന അവകാശവാദത്തിൽ നിർമ്മാണവാദം അന്തർഭൂതമായതുകൊണ്ട്. നിർമ്മാണവാദം അപനിർമ്മാണത്തെ യാചിക്കുന്നുണ്ട്. ഒരുപക്ഷെ, അപനിർമ്മാണം അപനിർമ്മാണത്തിന്റെ അപനിർമ്മാണത്തെയും.

ഉത്തരാധുനികവാദത്തെ കടന്നുപോകുന്നത് ഉത്തര-ഉത്തരാധുനികവാദം. ഇതിൽ കാണുക ക്ലാസിക്കൽ തത്വചിന്തയിലേയ്ക്കുള്ള പുനഃസന്ദർശനങ്ങളും വീണ്ടെടുപ്പുമാണ്. മടങ്ങിപ്പോക്കല്ല. സത്വം, കർത്തൃത്വം, സത്യം എന്നീ അതിഭൗതിക സങ്കൽപ്പങ്ങളെ അതിഭൗതികതയുടെ കുരുക്കുകളിൽ തൊടാതെ പുതിയ വെളിച്ചത്തിൽ വീണ്ടും കണ്ടെത്തുന്നതുകാണാം. ദെല്ലൂസും ബജ്യുവും ഇക്കൂട്ടത്തിൽപെടുന്നുണ്ട്. ഈ ക്രമാനുഗതികത്വത്തിന്റെ കള്ളികളിൽപെടാതെ കാൾമാർക്സും സിഗ്മണ്ട് ഫ്രോയ്ഡും അഥവാ മാർക്സിസവും മനോവിശ്ലേഷണവും തുടക്കം മുതൽ ഴ്ഷാക്ക് ദെറീദ വരെ സ്വതന്ത്രമായി ഇവയോടെല്ലാം സംവദിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ഉത്തര-ഉത്തരാധുനികതയിൽ മാർക്സും ഫ്രോയ്ഡുമൊക്കെ സമകാലികരായിരിക്കുകയാണ്. ഇമ്മാനുവൽ കാന്റ് പണ്ടുപറഞ്ഞതുപോലെ തത്വചിന്ത ഒരു യുദ്ധഭൂമിയാണ്. വിവിധ ഘട്ടത്തിലുള്ളതും വ്യത്യസ്ത പ്രായങ്ങളുള്ളതും വിവിധ ചേരികളിലുള്ളതുമായ നിരവധി തത്വചിന്താപ്രസ്ഥാനങ്ങൾ തമ്മിലുള്ള യുദ്ധം. ചിലത് ജയിക്കും. ചിലത് തോൽക്കും. മരിക്കും. പക്ഷെ അപ്രത്യക്ഷമായ, മരിച്ച, ചിന്തകളും ആശയങ്ങളും വീണ്ടും ഉയർത്തെഴുന്നേൽക്കും.

അനലിറ്റിക് തത്വചിന്തയെ സംബന്ധിച്ചിടത്തോളം ഇതൊന്നും ബാധകമല്ല എന്നാണ് ബജ്യു പറയുന്നത്. പ്ലാറ്റോയും സോക്രട്ടീസുമൊക്കെ വളരെ പഴയതാണ്. ഗണിതത്തിൽ യൂക്ലീഡ് എന്നപോലെ. യൂക്ലിഡ് ഗംഭീരനായിരുന്നു, പക്ഷെ ഇപ്പോൾ വലിയ പ്രയോജനമൊന്നുമില്ല എന്നതുപോലെ. കഴിഞ്ഞ പത്തു വർഷത്തെ പ്രബന്ധങ്ങളാണ് പ്രധാനം. കഴിഞ്ഞ പത്തുവർഷമാണ് അനലിറ്റിക് തത്വചിന്തയെ സംബന്ധിച്ചിടത്തോളം 'ഇന്ന്'. ബജ്യുവിന്റെ നോട്ടത്തിൽ ഭാവിയാണ് തത്വചിന്തയെ സംബന്ധിച്ചിടത്തോളം പ്രധാനം. വർത്തമാനം ആ ഭാവിയുടെ സാധ്യതയാണ്. ഭാവിയിൽ നിർമ്മിക്കപ്പെടുന്ന തത്വിചിന്തയുടെ സാധ്യതയാണ് വർത്തമാനത്തിൽ ഉള്ളത്. പഴയത് ചരിത്രമായതല്ല. പ്ലാറ്റോയും അരിസ്റ്റോട്ടിലുമൊക്കെ പുതിയതായി വ്യാഖ്യാനിക്കപ്പെടുകയാണ്. ഭൂതം ഒരു ആകെത്തുകയായി ഇന്നിൽ ഉണ്ട്. ഭൂതകാലത്തെ ഭാവിയിലേയ്ക്ക് സംപ്രേഷണം ചെയ്യുകയാണ്. ആ സംപ്രേഷണത്തിന്റെ സാധ്യതയാണ് ഇന്ന്. ബജ്യു പറഞ്ഞതുപോലെ പഴയത് അടഞ്ഞ ലോകമാകണമെന്നില്ല. അരിസ്റ്റോട്ടിലിയൻ ലോജിക്കിന്റെ വിദഗ്ധർ ഇന്ത്യൻ ന്യായത്തെ നോക്കിയപ്പോൾ അവർക്കുതോന്നി ന്യായം അരിസ്റ്റോട്ടിലിയൻ ലോജിക്കായി രൂപപ്പെടുമായിരുന്നേനെയെന്ന്. അരിസ്റ്റോട്ടിലിയൻ ലോജിക്കിനെക്കുറിച്ചറിയാത്ത ഇന്ത്യൻ ക്ലാസിക്കൽ വ്യാഖ്യാതാക്കൾ ക്ലാസിക്കൽ കാലാവസ്ഥയെ മറികടന്നില്ല. ക്ലാസിക്കലും അരിസ്റ്റോട്ടിലിയനുമല്ലാത്ത തത്വശാസ്ത്ര സമീപനത്തിന്, ഒരുപക്ഷെ, ഇന്ത്യൻ ന്യായത്തെ ഭാവിയിലേയ്ക്ക് സംപ്രേഷണം ചെയ്യുന്നതിലൂടെ സമകാലികമാക്കാൻ കഴിയും. ഭൂതം അടഞ്ഞതല്ല. ഭാവിയുടെ വെളിച്ചത്തിൽ തുറക്കാനാകും. ■